LIBRARY ARCHIVES Kerala Legislative Assembly

ള്ളതുമാണ്. മാടായിപ്പാറയിൽ ഹയർ സ്റ്റേഷൻ രൂപീകരിക്കുന്നതിന് ക്ഷേത്രഭൂമി വിട്ടുനൽകേണ്ടതില്ലെന്ന് മലബാർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുള്ളതായി ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാരിന് അനുകൂല നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

ശുദ്ധജല വിതരണ പദ്ധതി

133(833) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ചേറ്റുവാ മണ്ഡലത്തിലെ കരിമ്പുഴ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;

(ബി) എത്ര കി. മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കാനാണ് തീരുമാനിച്ചിരുന്നത്; എത്ര പാക്കേജുകളിലായാണ് പൂർത്തിയാക്കിയത്; വിശദാംശം ലഭ്യമാക്കാമോ; എത്ര കണക്ഷനുകൾ നൽകി;

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര പാക്കേജുകൾ പൂർത്തീകരിച്ചു; എത്ര കണക്ഷനുകൾ നല്കി; എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം NRDWP 2013 കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയിലെ പഴയതും കേടുവന്നതുമായ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 8.33 കി. മീ., 480 ലക്ഷം രൂപയുടെയും കരിമ്പുഴ I, 2 വില്ലേജിലെ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 74.20 കി.മീ. 500 ലക്ഷം രൂപയുടെയും എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിതരണ ശൃംഖലയുടെ പ്രവൃത്തികൾ 4 പാക്കേജുകളായിട്ടാണ് പൂർത്തീകരിച്ചത്.

(എ) മേലെ I-ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 110 എം.എം. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കൽ - 17.44 കി. മീ.

(ബി) മേഖല 2-ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 140 എം.എം. വരെ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കൽ - 6.70 കി. മീ.

(സി) പഴകിയതും കേടുവന്നതുമായ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പാക്കി സ്ഥാപിക്കുന്ന പ്രവൃത്തി 200 എം.എം. മുതൽ 300 എം.എം. വരെ വ്യാസമുള്ള ഡി. ഐ. പൈപ്പ് സ്ഥാപിക്കൽ- 8.38 കി. മീ.

(ഡി) മേഖല 1& 2-ലേക്കുള്ള ബൾക്ക് വിതരണ ശൃംഖലയിലേക്കുള്ള പ്രവൃത്തി - 140 എം.എം. മുതൽ 90 എം.എം. വരെ വ്യാസമുള്ള പി.വി.സി. പൈപ്പ് സ്ഥാപിക്കൽ 74.20 കി.മീ. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി 12-1-2016-കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനത്തിനുമുന്നായി നടത്തിയ കണക്ഷൻ മേളയോടനുബന്ധിച്ച് 1061 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിക്കായി നബാർഡിന്റെ ധനസഹായത്തോടെ 3124.11 ലക്ഷം രൂപയുടെ ഭരണാനുമതിയും ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് എൻ.ആർ.ഡി.ഡബ്ല്യു.പി. ധനസഹായത്തോടെ 800 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ച നബാർഡിൽ ഉൾപ്പെടുത്തിയ 4 പാക്കേജുകളും എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ ഉൾപ്പെടുത്തിയ ഒരു പാക്കേജുമായിട്ടാണ് പദ്ധതി പൂർത്തീകരിച്ചത്. എല്ലാ പണികളും പൂർത്തീകരിച്ച് 12-1-2016-ന് പദ്ധതി കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉത്ഘാടനത്തിനുമുന്നായി നടത്തിയ കണക്ഷൻ മേളയിൽ 2347 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 142000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് മേൽപ്പടി പദ്ധതി പൂർത്തിയാക്കിയിരിക്കുന്നത്.

വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

134(834) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് വാട്ടർ അതോറിറ്റി മുഖേന ഒറ്റയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly